LIBRARY ARCHIVES Kerala Legislative Assembly

കേരള ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം, കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് എന്നിവയൊക്കെ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്.

(ബി) റബ്ബർ ഉൾപ്പെടെയുള്ള തോട്ടവിളകളുടെ വിലയിടിവ് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെയാണ് പ്രധാനമായും ബാധിച്ചിട്ടുള്ളത്. ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രതീക്ഷിത ലാഭത്തിൽ വിളകളുടെ വിലത്തകർച്ചമൂലം കുറവ് ഉണ്ടായിട്ടുണ്ട്.

(സി&ഡി) ടി സ്ഥാപനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലായതായി സർക്കാർ കരുതുന്നില്ല. വിളകളുടെ വൈവിദ്ധ്യവൽക്കരണത്തിലൂടെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനത്തിലൂടെയും സാമ്പത്തിക പ്രയാസത്തെ മറികടക്കാനുള്ള നടപടികൾ ടി സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്.

കെട്ടിടനിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ്

25 (*145) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ കെട്ടിടനിർമ്മാണത്തിന് ഓൺലൈൻ പെർമിറ്റ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) ഉണ്ട്.

(ബി) കെട്ടിടനിർമ്മാണ അനുമതി നൽകുന്നത് കൂടുതൽ കൃത്യവും സുഗമവും കാര്യക്ഷമവും സുതാര്യവുമായി നടപ്പിലാക്കുക എന്നതാണ് ഓൺലൈൻ പെർമിറ്റ് സംവിധാനം കൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. കെട്ടിട നിർമ്മാണാനുമതിക്കായി

ഓൺലൈൻ സംവിധാനം വഴി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായി കൃത്യവും സമയബന്ധിതവുമായി പെർമിറ്റ് നൽകുന്നതിന് സാധിക്കുന്നുണ്ട്. ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുൻഗണനാക്രമത്തിൽ പരിശോധിച്ച് ഓൺലൈനായി തന്നെ അംഗീകാരം നൽകുന്നതിനാൽ കാലതാമസം നേരിടുന്നില്ല. കെട്ടിട നിർമ്മാണത്തിന് ശേഷം ഓൺലൈൻ സംവിധാനം വഴി കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാവുന്നതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകർക്ക് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് കാലവിളംബം കൂടാതെ ഓൺലൈനായി തന്നെ ലഭ്യമാകുന്നതാണ്. ഫയൽ സ്റ്റാറ്റസ്, സൈറ്റ് വെരിഫിക്കേഷൻ തീയതി, ഒടുക്കേണ്ട പെർമിറ്റ് ഫീസ് തുടങ്ങിയ വിവരങ്ങൾ അപേക്ഷകർക്ക് അപ്പപ്പോൾ തന്നെ എസ്.എം.എസ്. ആയി ലഭിക്കുന്നതാണ്.

(സി) പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപടികൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കുന്നതിലേയ്ക്കായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

ഗ്രാമപ്രദേശങ്ങളിലെ ജലലഭ്യത

26 (*146) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പ്രദേശങ്ങളിൽ വരുന്ന വേനൽക്കാലത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ചില ജില്ലകളിൽ ലഭിച്ച അധിക മഴ ജലം, വേനൽക്കാല ജല ലഭ്യതയ്ക്ക് മുതൽക്കൂട്ടാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സ്വാഭാവിക ജല സംഭരണ സംവിധാനങ്ങളായ കുളങ്ങൾ, വയലുകൾ, പൊതു കിണറുകൾ, ഉറവകൾ, തോടുകൾ തുടങ്ങിയവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളും, നടപ്പാക്കിയ പദ്ധതികളും സംബന്ധിച്ച വിവരം നൽകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

LIBRARY ARCHIVES Kerala Legislative Assembly